പൂർത്തീകരണത്തോടെ ശബരിമല പരിപാവനമായ ഒരു കാനന ക്ഷേത്രമായി നിലനിർത്തിക്കൊണ്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള വികസന പദ്ധതികളാണ് ലക്ഷ്യമിടുന്നത്.

(സി) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വിവിധ ഘട്ടങ്ങളിലായി നാളിതുവരെ 65.32 കോടി രൂപ ശബരിമല മാസ്റ്റർ പ്ലാൻ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ നൽകിയിട്ടുണ്ട്. ഒപ്പം ഓരോ ഘട്ടത്തിലുമുള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും കാര്യക്ഷമമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവരുന്നു.

ശബരിമല മാസ്റ്റർ പ്ലാൻ

125(825) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ നിർമ്മാണം പൂർത്തിയാക്കിയവ ഏതൊക്കെയെന്നും എത്ര തുക വീതമാണ് ചെലവായത് എന്നും വ്യക്തമാക്കുമോ;

(ബി) സന്നിധാനത്ത് നിർമ്മിച്ച സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കഴിഞ്ഞ സീസണിൽ പ്രയോജനപ്രദമായില്ലെന്നും, നിർമ്മാണത്തിൽ വന്ന ഗുരുതരമായ വീഴ്ചമൂലം പ്ലാന്റ് അടച്ചിടേണ്ടതാണെന്നുമുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മലിനീകരണ നിയന്ത്രണ ബോർഡ് ഇത് സംബന്ധിച്ച് ആശങ്കകൾ അറിയിച്ചിട്ടുണ്ടോ;

(സി) ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) എന്തൊക്കെ പദ്ധതികളാണ് അടുത്ത സീസണ മുൻപായി പൂർത്തീകരിക്കാനുള്ളത് ; ഇവയ്ക്കായി എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത്; നിർമ്മാണം ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ശബരിമല മാസ്റ്റർ പ്ലാൻ 2050 വരെയുള്ള വികസന പ്രവർത്തനങ്ങൾ മുൻകൂട്ടിക്കണ്ടുകൊണ്ട് തയ്യാറാക്കിയ പദ്ധതിയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ശബരിമല മാസ്റ്റർ പ്ലാനിന്റെ നടത്തിപ്പിനായി രൂപീകരിച്ച ഉന്നതാധികാര സമിതി ചേർന്നാണ് മാസ്റ്റർ പ്ലാനിന് വിധേയമായി പദ്ധതികൾക്ക് അംഗീകാരം നൽകി വരുന്നത്. നിലവിൽ ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളുടേയും അതിൽ പൂർത്തീകരിച്ചവയുടെയും പൂർത്തികരിക്കാനുള്ളവയുടേയും പൂർത്തീകരിച്ച പദ്ധതികൾക്കായി ചെലവഴിച്ച തുകയേയും സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(ബി) ഇത്തരത്തിലുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സന്നിധാനത്ത് നിർമ്മിച്ച പുതിയ സിവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അടക്കമുള്ള എഞ്ചിനീയർമാർ നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധരായ ശാസ്ത്രജ്ഞൻമാർ എന്നിവർ പരിശോധിച്ചതിൽ നിർമ്മാണത്തിൽ ഒരു പോരായ്മയും ചൂണ്ടി കാണിച്ചിട്ടില്ല. കൂടാതെ പ്ലാന്റ് സീസൺ സമയത്ത് അടച്ചിടേണ്ട സാഹചര്യവുമുണ്ടായിട്ടില്ല.

(സി) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഈ പ്ലാന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹകരണത്തോടെ പുതിയ ടെസ്റ്റിംഗ് ലബോറട്ടറി സംവിധാനം ഏർപ്പെടുത്താൻ ഉന്നതാധികാര സമിതി തീരുമാനമെടുത്തിട്ടുണ്ട്.

(ഡി) അനുബന്ധം- 2 ആയി ചേർത്തിരിക്കുന്നു.*

ദേവസ്വം ബോർഡുകളുടെ ചുമതലകൾ

126(826) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ദേവസ്വം ബോർഡുകൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഓരോ ദേവസ്വം ബോർഡിനും എത്ര തുക വീതം നൽകി എന്ന് വിശദമാക്കാമോ;

(സി) ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും വരുമാനം സർക്കാർ ഏറ്റെടുക്കാറുണ്ടോ; വിശദവിവരം അറിയിക്കാമോ;

(ഡി) ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും ഉത്സവങ്ങൾക്കുംവേണ്ടി ഈ സർക്കാരിന്റെ കാലത്ത് ഭക്തജനങ്ങളിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം നല്കുമോ ;

(ഇ) കേരളത്തിൽ ചെലവിനേക്കാൾ കൂടുതൽ വരുമാനം ഉള്ള എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും മിച്ചമുള്ള തുക എന്തിന് ചെലവഴിക്കുമെന്നും അറിയിക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly